(ബി) 9-7-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതി വിഹിതം മാർച്ച് 31-ന് മുമ്പ് ചെലവഴിക്കേണ്ടതാണ്.

(സി) 9-7-2003-ലെ ജി.ഒ. (പി) നമ്പർ 381/2003/ധന. എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ

4 [5458] ശ്രീ. പി. എസ്. സുപാൽ:
,, എം. കുമാരൻ:
,, എൻ. രാജൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമായി ഇപ്പോൾ ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഒരു ഉത്തരവ് മാത്രമേ ധനവകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ളൂ.

(ബി) ജി.ഒ. (പി) നമ്പർ 381/03/ധന. തീയതി 9-7-2003.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിവിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച കണക്ക് ഇപ്പോൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും, അക്കൗണ്ടന്റ് ജനറലും (10% ഓഡിറ്റ്), സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് വിംഗും പരിശോധിച്ചുവരുന്നു. ഇവരുടെ കണ്ടെത്തലിന്റെയും ധനവകുപ്പിൽ ലഭിക്കുന്ന പരാതിയുടെയും അടിസ്ഥാനത്തിൽ ധനവകുപ്പിലെ ഇൻസ്പെക്ഷൻ വിംഗ് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്തുവരുന്നു. കൂടാതെ 9-7-2003-ലെ ജി.ഒ. (പി) നമ്പർ 381/03/ധന. എന്ന ഉത്തരവിലെ നിർദ്ദേശങ്ങളും മാർഗ്ഗ രേഖകളും ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടിയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly